**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4273** **09-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഐ.ടി.ഐ-കൾക്ക് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ,വില്ല്യാപ്പള്ളി ഐ.ടി.ഐ-കൾക്ക് സ്വന്തമായി കെട്ടിടമുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ, വില്ല്യാപ്പള്ളി (വടകര) ഐ.ടി.ഐ-കൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. മേൽ ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണ പദ്ധതികൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; ഏതു ഏജൻസി വഴിയാണ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | മണിയൂർ, വില്ല്യാപ്പള്ളി (വടകര) ഐ.ടി.ഐ-കൾക്ക് നിലവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് യഥാക്രമം 6.9 കോടി, 6.96 കോടി രൂപയുടെ ശുപാർശ സർക്കാരിലേക്ക് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. ഭരണാനുമതി ഉത്തരവ് നല്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ